കേരള സർക്കാർ

<u>സംഗ്രഹം</u>

വനിതശിശു വികസന വകുപ്പ്- തീരദേശ മേഖലയിലെ സ്ത്രീ പഠനത്തിനായി 2025-26 സാമ്പത്തിക വർഷം ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനിതശിശു വികസന (ബി) വകുപ്പ്

**G.O.(Rt)331/2025/WCDD** **Dated,17/07/2025**

---

എ.എസ് നമ്പർ : AS/WCD/25/43660 കാലാവധി : 31/03/2026

AS/WCD/25/43660

പരാമർശം:-
1. സ.ഉ.(സാധാ)നം.320/2024/ഡബ്ല്യുസിഡിഡി തീയതി.02/08/2024.
2. വനിതശിശു വികസന ഡയറക്ടറുടെ 29.03.2025-ലെ DWCD/2293/2024–WEC 6 നമ്പർ കത്ത്.

<u>ഉത്തരവ്</u>

തീരദേശ മേഖലയിലെ സ്ത്രീ പഠനത്തിനായി 2024-25 സാമ്പത്തിക വർഷം പരാമർശം (1) പ്രകാരം 18,38,000/-രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ടെന്നും നടപ്പു സാമ്പത്തിക വർഷം തീരദേശ മേഖലയിലെ സ്ത്രീ പഠനത്തിനായി CSES (Centre for Socio Economic and Environment studies) സമർപ്പിച്ച റിവൈസ് ചെയ്ത പ്രൊപ്പോസൽ അംഗീകരിച്ച് ആയതിലേക്ക് Rs. 19,42,525/– (ആകെ പത്തൊൻപത് ലക്ഷത്തി നാല്പത്തി രണ്ടായിരത്തി അഞ്ഞൂറ്റി ഇരുപത്തി അഞ്ച് രൂപ മാത്രം) രൂപ 2235-02-103-68-02-34-03 പ്ലാൻ ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകണമെന്നും വനിതശിശു വികസന ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

<u>പഠനത്തിനുള്ള പശ്ചാത്തലം</u>

കേരളത്തിലെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്. കണ്ണൂർ, കാസർകോട് എന്നിങ്ങനെ ഒമ്പത് ജില്ലകളിലായി തീരപ്രദേശം വ്യാപിച്ചുകിടക്കുന്നു. വാണിജ്യ മത്സ്യബന്ധനം, ഗതാഗതം, വിനോദസഞ്ചാരം എന്നിവയെ നയിക്കുന്ന കേരളത്തിന് 590 കിലോമീറ്റർ തീരപ്രദേശമുണ്ട്. തീരദേശത്ത് താമസിക്കുന്നവരുടെ പ്രധാന വരുമാന സ്രോതസ്സ് മത്സ്യമേഖലയാണ്. ഈ മേഖലയിൽ നിലനിൽക്കുന്ന ലിംഗവിവേചനം സ്ത്രീകൾ പിന്നാക്കം നിൽക്കുന്നതിനു കാരണമാകുന്നു.

തീരദേശത്ത് താമസിക്കുന്നതിന്റെ പരാധീനതകൾ ഇവർ അനുഭവിക്കുന്നു. ഈ പഠനം കേരളത്തിന്റെ തീരദേശ മേഖലയിലെ സ്ത്രീകളുടെ അവസ്ഥ മനസ്സിലാക്കുന്നതിനു പ്രത്യേകം ലക്ഷ്യമിടുന്നു. മത്സ്യത്തൊഴിലാളി സമൂഹത്തെക്കുറിച്ച് പഠനങ്ങൾ ലഭ്യമാണെങ്കിലും തീരദേശ ജനസംഖ്യയെകുറിച്ചുള്ള ഡാറ്റ പരിമിതമാണ്, പ്രത്യേകിച്ച് തീരപ്രദേശങ്ങളിലെ സ്ത്രീകളെക്കുറിച്ചുള്ള വിവരങ്ങൾ.

<u>പഠനത്തിന്റെ ലക്ഷ്യങ്ങൾ</u>

1. കേരളത്തിന്റെ തീരദേശ മേഖലയിലെ സ്ത്രീകളുടെ അവസ്ഥ മനസ്സിലാക്കുക എന്നതാണ് പഠനത്തിന്റെ വിശാലമായ ലക്ഷ്യം.
2. തീരദേശ മേഖലയിലെ സ്ത്രീകളുടെ സാമൂഹികവും ജനസംഖ്യാപരവുമായ അവസ്ഥ മനസ്സിലാക്കുക.
3. അവരുടെ ആരോഗ്യ നില, ആരോഗ്യ സംരക്ഷണ ആവശ്യങ്ങൾ എന്നിവ വിലയിരുത്തുക.
4. പെൺകുട്ടികളുടെ വിദ്യാഭ്യാസ നിലയും ഡിജിറ്റൽ പഠനം ഉൾപ്പെടെ തീരദേശ മേഖലയിലെ പെൺകുട്ടികളുടെയും സ്ത്രീകളുടെയും വിദ്യാഭ്യാസ അനുഭവങ്ങളും മനസ്സിലാക്കുക.
5. തീരദേശ മേഖലയിലെ സ്ത്രീകളുടെ വരുമാനം, തൊഴിൽ, ഉപജീവനമാർഗം, അവരുടെ സമ്പാദ്യ രീതി എന്നിവ പര്യവേക്ഷണം ചെയ്യുക.
6. തീരദേശ മേഖലയിലെ സ്ത്രീകളുടെ ജീവിത സാഹചര്യങ്ങളും ആസ്തി ഉടമസ്ഥതയും മനസ്സിലാക്കുക.
7. തീരദേശ മേഖലയിലെ ജെൻഡർ ഡൈനാമിക്സിന്റെ പ്രവർത്തനം മനസ്സിലാക്കുക.
8. തീരദേശ മേഖലയിലെ സ്ത്രീകളുടെ സാമൂഹിക ഇടപെടൽ മനസ്സിലാക്കുക.
9. തീരദേശ മേഖലയിലെ പരിപാടികളും പദ്ധതികളും ഇടപെടലുകളും സ്ത്രീകളുടെ ആവശ്യങ്ങളും ആശങ്കകളും എത്രത്തോളം പരിഹരിക്കുന്നു എന്ന് വിലയിരുത്തുക.

<u>രീതി ശാസ്ത്രം</u>

പ്രാഥമികവും ദ്വിതീയവുമായ ഡാറ്റയെ അടിസ്ഥാനമാക്കി കേരളത്തിലെ തീരപ്രദേശങ്ങളിലെ സ്ത്രീകളുടെ നിലവിലെ അവസ്ഥ മനസ്സിലാക്കാനാണ് നിർദ്ദിഷ്ട പഠനം ഉദ്ദേശിക്കുന്നത്. കേരളത്തിലെ തിരഞ്ഞെടുത്ത തീരദേശ ജില്ലകളിലെ സ്ത്രീകളുടെ സാമ്പിൾ സർവേ ആയിരിക്കും പഠനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഘടകം. 580 കിലോമീറ്റർ നീളമുള്ള കേരളത്തിലെ തീരപ്രദേശത്ത് 95 ഗ്രാമപഞ്ചായത്തുകളും 14 മുനിസിപ്പാലിറ്റികളും 5 കോർപ്പറേഷനുകളും ഉണ്ട്. അതിനാൽ, ഈ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും നിലവിൽ താമസിക്കുന്ന സ്ത്രീകളെയാണ് പഠനത്തിലേയ്ക്ക് തെരഞ്ഞെടുക്കുന്നത്. ചോദ്യാവലികളും ചെക്ക് ലിസ്റ്റുകളും തയ്യാറാക്കി, പ്രി ടെസ്റ്റിംഗ്, ഫീൽഡ്, സ്റ്റാഫുകൾക്കുള്ള പരിശീലനം, തീരദേശ മേഖലയിലെ സ്ത്രീകളുടെ സാമ്പിൾ സർവേ്വ, FGD (Focus Group Discussion) ഉം വിവിധ സ്റ്റേക്ക് ഹോൾഡേഴ്സുമായുള്ള ഇന്റർവ്യൂ, ഡാറ്റ വിശകലനം എന്നിവ സംഘടിപ്പിക്കുന്നു.

(2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. തീരദേശ പഠനത്തെ തുടർന്നു

AS/WCD/25/43660

ലഭിക്കുന്ന കരട് റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ 2025 ഡിസംബർ മാസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതും അന്തിമ റിപ്പോർട്ട് 2026 ജനവരി 31 നകം ലഭ്യമാക്കേണ്ടതാണെന്നുമുള്ള വ്യവസ്ഥകൾ എഗ്രിമെന്റിൽ ഉൾപ്പെടുത്തേണ്ടതാണെന്നും നിശ്ചിത തീയതികൾക്കകം പഠന റിപ്പോർട്ട് ലഭിക്കുന്നതിന് വകുപ്പ് തലത്തിൽ കൃത്യമായ പരിശോധനയും തുടർ പ്രവർത്തനവും നടത്തേണ്ടതാണെന്നുമുള്ള നിബന്ധനയിൽ, 2025-26 സാമ്പത്തിക വർഷത്തിൽ, തീരദേശ മേഖലയിലെ സ്ത്രീ പഠനത്തിനായി CSES (Centre for Socio Economic and Environment studies) സമർപ്പിച്ച റിവൈസ് ചെയ്ത പ്രൊപ്പോസൽ അംഗീകരിച്ച് ആയതിലേക്ക് Rs. 19,42,525/- (ആകെ പത്തൊൻപത് ലക്ഷത്തി നാല്പത്തി രണ്ടായിരത്തി അഞ്ഞൂറ്റി ഇരുപത്തി അഞ്ച് രൂപ മാത്രം) രൂപ 2235-02-103-68-02-34-03 പ്ലാൻ ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതി നല്കി ഇതിനാൽ ഉത്തരവാകുന്നു.

## Head Of Account

| ക്രമ നമ്പർ | റവന്യൂ ശീർഷകം | തുക (രൂപയിൽ ) | എ.എസ് നമ്പർ | കാലാവധി |
|---|---|---|---|---|
| 1 | 2235-02-103-68-02-34-3-P-V | 19,42,525 | AS/WCD/25/43660 | 2026-03-31 |

പ്രവർത്തിയുടെ പേര് / നിർദേശങ്ങൾ

| ക്രമ നമ്പർ | പ്രവർത്തികൾ | തുക (രൂപയിൽ ) |
|---|---|---|
| 1 | തീരദേശ മേഖലയിലെ സ്ത്രീ പഠനം | 19,42,525 |
| ആകെ (പത്തൊൻപത് ലക്ഷത്തി നാല്പത്തി രണ്ടായിരത്തി അഞ്ഞൂറ്റി ഇരുപത്തി അഞ്ച് രൂപ) | | **19,42,525** |

AS/WCD/25/43660

ഗവർണറുടെ ഉത്തരവിൻ പ്രകാരം ,

അഡീഷണൽ സെക്രട്ടറി

Women and Child Development

വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഓർഡർ പ്രകാരം കൈമാറി,

SANTHOSHKUMAR T K

Digitally signed by Santhoshkumar T K
Date:2025.07.18 03:25:56 +05:30

AS/WCD/25/43660